# സന്മാർഗ്ഗഭാണ്ഡം

സി. ജെ. തോമസ്



സന്മാർഗ്ഗഭാണ്ഡം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Am Waldrand, a painting by Henri Rousseau (1844–1910)). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സന്മാർഗ്ഗഭാണ്ഡം

സദാചാരത്തെ തട്ടിമുട്ടിയിട്ടു മനുഷ്യർക്കു വഴിയിലൂടെ നടക്കാൻ വയ്യാതായിരിക്കുന്ന ഒരു കാലഘട്ടത്തിൽ അത്യാവശ്യമായി വായിക്കേണ്ട ഒരു പുസ്തകമാണ് ശ്രീ. വെട്ടൂർ രാമൻനായരുടെ 'ദേവദാസി.' ഇതൊരു ചെറുകഥാസമാഹാരമാണ്. ആറു കഥകളുണ്ട്. അതിൽ മൂന്നെണ്ണം സന്മാർഗ്ഗം പ്രതിപാദിക്കുന്നു. അവയിൽ ഗ്രന്ഥകാരന് അതിപ്രധാനമായിത്തോന്നിയതു ദേവദാസിയുടെ കഥയാണ്. പുസ്തകത്തിന് ആ പേരുതന്നെ കൊടുത്തിരിക്കുന്നതും അതുകൊണ്ടാവാം.

ഈയിടെ ഏതു പത്രമെടുത്താലും—അതു കമ്മ്യൂണിസ്റ്റുകാരോ കോൺഗ്രസ്സുകാരോ നടത്തുന്നതായിക്കൊള്ളട്ടെ—അതിലെല്ലാം ചർച്ചചെയ്യപ്പെടുന്ന വിഷയം ഒന്നുതന്നെയാണ്, സദാചാരം. തെരുവുപ്രസംഗക്കാരനായ ഒരു ഉപദേശിയുടെ 'എരിവോടുകൂടിയാണുതാനും അതു പറയുന്നത്. രാഷ്ട്രീയമായി വിരുദ്ധകോണുകളിൽ നില്ക്കുന്നവരാണെങ്കിലും അവർ പാടുന്ന പല്ലവി ഒന്നുതന്നെയാണ്. ഭാരതത്തിനു പുരാതനമായ ഒരു സാംസ്കാരികപാരമ്പര്യമുണ്ട്. കേരളത്തിന് ഒരു പ്രത്യേക സൗന്ദര്യബോധമുണ്ട്. 'നമുക്ക് ഒരു പ്രത്യേകത എന്തോ ഒക്കെയുണ്ട്. എന്താണ് ഈ എന്തൊക്കെ? ആരൊക്കെയാണ് ഈ 'നമുക്ക്' എന്നവാക്കിൽ ഉൾക്കൊണ്ടിരിക്കുന്നത് ആ 'നമുക്ക്' പ്രയോഗത്തിലാണ് കുഴപ്പം തങ്ങിനില്ക്കുന്നത്. അതിൽ നമ്പൂതിരിയും നസ്രാണിയും ഉണ്ടോ? നായരേയും ഉൾപ്പെടുത്തുന്നുണ്ടോ? പാക്കിസ്ഥാനിലേക്കു ഓടിപ്പോകാത്ത മുസ്ലീമിനും ഈ സന്മാർഗ്ഗഭാണ്ഡത്തിലും സൗന്ദര്യബോധത്തിലും അതിന്റെയൊക്കെ ആകെത്തുകയായ ഭാരതീയ സാംസ്കാരികപാരമ്പര്യത്തിലും എന്തെങ്കിലും പങ്കുണ്ടോ? ഉണ്ടെങ്കിൽ വിവാഹം വെറും കോൺട്രാക്ട് മാത്രമായ മുസ്ലീമിനും, സംബന്ധപ്രിയനായ നമ്പൂരിക്കും, കൂട്ടുകുടുംബക്കാരനായ നായർക്കും, ദമ്പതികൾ തമ്മിലുള്ള ലൈംഗികബന്ധത്തെപ്പോലും അസന്മാർഗ്ഗികമായി ഗണിക്കുന്ന നസ്രാണിക്കും തമ്മിൽ പൊതുവായിട്ടുള്ളതെന്താണാവോ! ഇതെല്ലാംകൂടി എടുത്തു താരതമ്യപഠനം ചെയ്യുന്നയാളിനു ലഭിക്കുന്ന ഏകതത്ത്വം സദാചാരത്തെപ്പറ്റി പൊതുവായ യാതൊരു തത്ത്വവുമില്ലെന്നതു മാത്രമാണ്. ഈ ഉപദേശികളുടെ കണ്ണിൽപ്പെടാനുള്ള ചില പരമാർത്ഥങ്ങളാണ് ശ്രീ. വെട്ടൂർ ഈ കഥകളിൽ കൊടുത്തിരിക്കുന്നത്.

'ദേവദാസി' തന്നെ ആദ്യമെടുക്കാം. ശ്രീരംഗത്തെ കഥയാണത്. ഈശ്വരന്റെ രക്ഷാധികാരത്തിൽ അവിടെ നടത്തപ്പെടുന്ന ഇറച്ചിക്കച്ചവടം വെറും ദാരിദ്ര്യത്തിന്റെ ഫലമെന്നു പറഞ്ഞ് തള്ളിക്കൂടാ. കരിങ്കല്ലിൽ രതിവൈകൃതങ്ങളുടെ ചിത്രങ്ങൾ കൊത്തിവെയ്ക്കുന്നതു ദാരിദ്ര്യംകൊണ്ടല്ലല്ലോ. പോരാ, വിവാഹമെന്ന ആശയം ശ്രീരംഗത്തെ ഒരു വേശ്യയ്ക്ക് എത്ര പാപകരമായി തോന്നുന്നുവെന്നു ശ്രീ. വെട്ടൂരിന്റെ കഥയിൽനിന്നു മനസ്സിലാക്കുക. ഇതും ഉയർത്തിപ്പിടിക്കപ്പെടുന്ന ആ സാംസ്കാരികപാരമ്പര്യത്തിന്റെ അവശ്യഘടകമാണ്. ഇക്കാര്യങ്ങളും അതുപോലെ ഒരു നൂറു പരമാർത്ഥങ്ങളും മുമ്പിലിരിക്കുമ്പോൾ പുരോഗാമികളും പശ്ചാൽ ഗാമികളും ഒരുപോലെ ഈ ചീത്ത പാരമ്പര്യം ചുമന്നുനടക്കുന്നതിന്റെ രഹസ്യമെന്ത്? കടംവാങ്ങിച്ച കൊടിയും, കട്ടെടുത്ത മുദ്രാവാക്യവും പുതിയ ഒരു ജീവിതവീക്ഷണത്തെ സൃഷ്ടിക്കുകയില്ലെന്നതുതന്നെ. അവർക്കു സ്വന്തം പാരമ്പര്യത്തിൽനിന്നു ഉയരാൻ കഴിഞ്ഞിട്ടില്ല. അതു അവരും സമ്മതിക്കും. പക്ഷേ, ആ പാരമ്പര്യം നല്ലതോ ചീത്തയോ എന്നതിനെപ്പറ്റിയാണ് അഭിപ്രായഭിന്നത.

ദേവദാസിയെപ്പറ്റി ശ്രീ. വെട്ടൂർ കൊടുത്ത ചിത്രം തെറ്റിദ്ധരിക്കപ്പെട്ടേക്കാം—ഒരു സന്മാർഗ്ഗപ്രസംഗമായിട്ട്. അങ്ങിനെ സംഭവിച്ചാൽ 'അവിവാഹിതനും', 'ഭർത്താവിന്റെ ത്യാഗ'വും വായിക്കണം. അലെക്ക്സിസ് പുണ്യവാളന്റെ അഭിപ്രായക്കാരനല്ല ശ്രീ. വെട്ടൂർ. ജീവിതം മുഴുവൻ അവിവാഹിതനായി കഴിച്ച മാന്യൻ എന്ന സ്ഥാനത്തോടുകൂട്ടി പെൻഷൻ പറ്റുന്ന ഒരാളുടെ ഹൃദയത്തിന്റെ ആഴത്തിലേയ്ക്കു വെട്ടൂർ ഇറങ്ങിനോക്കുന്നു. അവിടെ ഒരു ശ്മശാനമാണ്. മരിച്ച പ്രേതങ്ങളുടെ പ്രേതങ്ങളും അമർത്തപ്പെട്ട വികാരങ്ങളുടെ എല്ലാംകൂടി അവിടെക്കാണുന്നത്, ഒരു 'ദുർമ്മാർഗ്ഗി'യുടെ പുറവശത്തേക്കാൾ നൂറിരട്ടി ബീഭത്സമായ ഒരു രംഗമാണ്. ശരീരത്തിന്റെ സഹജമായ ഒരു പ്രചോദനത്തെ മതത്തിനു വേണ്ടിയായാലും മാന്യതയ്ക്കു വേണ്ടിയായാലും തടഞ്ഞുനിറുത്തുന്നത് ആരോഗ്യകരമല്ല—ശരീരത്തിനെന്നല്ല, മനസ്സിനും, ഇതാണ്, ശ്രീ. രാമൻനായരുടെ നിഗമനം. ഇക്കഥ പുരുഷന്റേതു മാത്രമല്ല. സ്ത്രീയുടെ കഥയും മേപ്പടിയാണ്. ഭാര്യയുടെ ജീവൻ അപകടത്തിലാകുമെന്നു കരുതിയാണ് ശുദ്ധഗതിക്കാരനായ ഹരീന്ദ്രൻ സ്വയം നിയന്ത്രിക്കുന്നത്. പക്ഷേ, ഒന്നു പ്രസവിക്കാൻവേണ്ടി മരണത്തെ നേരിടുകയെന്നത് അത്ര കാര്യമായി കണക്കാക്കാത്തവളാണ് സ്ത്രീ. സദാചാരബോധവും, നീണ്ട ഒരു വന്ധ്യജീവിതത്തിനുള്ള അവസരവും അവളെ ഗർഭവതിയാക്കുന്നതിൽനിന്നു തടയുവാൻ ശക്തമാകുന്നില്ല. ഇതൊക്കെ ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങളാണ്. അവയുടെ നേരെ കണ്ണടച്ചിട്ടും അവയെ ചിത്രീകരിക്കാൻ ധൈര്യപ്പെടുന്ന റിയലിസ്റ്റ് സാഹിത്യകാരെന്മാരെ പുലഭ്യം പറഞ്ഞിട്ടും കാര്യമില്ല. 'ഇതെല്ലാം തെറ്റാണ്. ഇതെല്ലാം മാറണം എന്ന് ഒഴുക്കൻമട്ടിൽ പറയുന്നതുകൊണ്ടും നാം എവിടേയും എത്തുന്നില്ല. ഇതൊന്നും ശരിയല്ലെങ്കിൽ മറ്റെന്താണ് ശരിയെന്നാലോചിക്കണം. ആ പരിശ്രമത്തിനു സാമ്പത്തിക കാരണങ്ങൾ മാത്രം അന്വേഷിച്ചാൽ പോരാ. മനുഷ്യനു മാനസികമായി കൂടി ഒരു പരിവർത്തനം ആവശ്യമാണ്. ഇതു മതത്തിന്റെ മാനസാന്തരമല്ല. ജീവിതവീക്ഷണത്തിലുള്ള ഒരു സമൂലപരിവർത്തനമാണ്. പാരമ്പര്യഭാണ്ഡം തലയിൽനിന്നിറക്കിവച്ചിട്ടു ചിന്തിച്ചാൽ മാത്രമേ അതു കഴിയൂ. പുതിയ സന്മാർഗ്ഗമൂല്യമെന്തെന്നു ശ്രീ. രാമൻനായർ പറയുന്നില്ല. അതെന്തുതന്നെയായാലും, അവഗണിക്കാൻ കഴിയാത്ത ചില വാസ്തവങ്ങളെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒന്നാമത്, ലൈംഗികത്വം മനുഷ്യജീവിയുടെ അടിസ്ഥാനസ്വഭാവമാണ്. രണ്ടാമത്, ഈ വിഷയത്തെ സംബന്ധിച്ച ശാശ്വതവും സാർവലൗകികവുമായ യാതൊരു തത്ത്വവും ഇന്നുവരെയുണ്ടായിട്ടില്ല. മൂന്നാമത്, ഉണ്ടായേടത്തോളം ആചാരങ്ങളെല്ലാം (തത്ത്വങ്ങളല്ല) സമൂഹത്തിന്റെ പൊതുഗുണത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. നാലാമത്, അടിസ്ഥാനമായ സാമൂഹ്യ നിലവാരം മാറുന്നതോടുകൂടി അതിന്റെ മുകളിലുള്ള സദാചാരരീതികൾകൂടി മാറുകതന്നെ വേണം. ഇതെല്ലാം ഒരു തത്ത്വസംഹിതയിൽനിന്ന് അനുമാനിച്ചതല്ല. ചുറ്റും കണ്ട ജീവിതരംഗത്തിൽ പ്രതിഫലിച്ചു കണ്ടതു മാത്രമാണ്. ഈ ആധുനികകാലഘട്ടത്തിൽ അങ്ങിനെയുള്ള രംഗങ്ങൾ ഒട്ടുവളരെ കാണാനുണ്ട്. സമൂലപരിവർത്തനത്തിന്റെ കാലമായതുകൊണ്ടാണത്. ഈ പരിവർത്തനത്തിന്റെ രാഷ്ട്രീയ—സാമ്പത്തികവശങ്ങൾ പലരും കാണുന്നുണ്ട്. പക്ഷേ, അതിന്റെ സാംസ്കാരികമായ വശം അധികമാരും കാണുന്നില്ല. ഇന്നുവരെ ശരിയെന്നു വെച്ചിരുന്ന പലതും തകരുകയാണ്. ഭൗതികവസ്തുക്കൾ മാത്രമല്ല, ആദ്ധ്യാത്മികഭാവങ്ങളും. ഇതു കണ്ണുതുറന്നു കാണുവാൻ ചങ്കുറപ്പില്ലാത്ത പുരോഗമനവാദികൾ കുറേനാൾ ചുറ്റിത്തിരിയും, പിന്നെ തലപൊക്കിനോക്കുമ്പോൾ മനസ്സിലാകും, പുരോഗതിയുടെ വണ്ടിതെറ്റിയെന്ന്.

ശ്രീ. വെട്ടൂർ ജീവിതത്തിന്റെ ഭൗതികരംഗത്തു വന്നുകൊണ്ടിരിയ്ക്കുന്ന മാറ്റത്തെ കാണുന്നില്ലെന്നോ ഗൗനിക്കുന്നില്ലെന്നോ ഇതുകൊണ്ടർത്ഥമാക്കേണ്ടതില്ല. "ബന്ധുഗൃഹത്തിൽ" എന്ന കഥ അതിനുമതിയായ തെളിവാണ്. തിരുവിതാംകൂറിലെ നായർ സമുദായത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ തകർച്ച ചിത്രീകരിക്കുന്ന കഥകളിൽ ഇത്ര നല്ല ഒന്ന് ഇതുവരെ കണ്ടിട്ടില്ല. ദാരിദ്ര്യത്തെ നേരിട്ടു വരച്ചുകാണിച്ചല്ല വെട്ടൂരിതു സാധിക്കുന്നത്. ജീവശ്വാസമായി അവർ ഗണിക്കുന്ന അഭിമാനത്തെപ്പോലും അടക്കിനിറുത്തിക്കൊണ്ടാണ് അവർ പട്ടാളത്തിൽനിന്ന് പിരിഞ്ഞുവന്ന ബന്ധുവിനോട്ട് പണത്തിനു യാചിക്കുന്നത്. വ്യസനകരമായ ആ രംഗങ്ങൾക്ക് വെളിച്ചം കൊടുത്തിട്ടാണ് അവരുടെ ദാരിദ്ര്യത്തെ നമുക്ക് മനസ്സിലാക്കിത്തരുന്നത്. ഇതെല്ലാം വളരെ സൂക്ഷ്മമായ ഫലിതത്തോടുകൂടിയാണ് അദ്ദേഹം പറഞ്ഞൊപ്പിക്കുന്നതെന്നതിൽനിന്ന് ശ്രീ. വെട്ടൂരിന്റെ കഥാകഥനപാടവം കാണാം. ലഘ്വാക്ഷേപരീതിയിലാണ് അതിന്റെയടുത്ത കഥയും എഴുതിയിരിക്കുന്നത്. സാമുദായികസംഘടനയുടെ ഗുണത്തിനെന്ന് പറഞ്ഞു പാവപ്പെട്ട നായരുടെ അവസാന ചില്ലികൾ മോഷ്ടിക്കുന്ന ഒരേർപ്പാട് കുറെനാളായി തിരുവിതാംകൂറിൽ നടന്നുവരുന്നുണ്ട്. അതാണ് 'ഭക്തസംഘം' എന്ന കഥയുടെ വിഷയം.

ശ്രീ. വെട്ടൂരിന്റെ കഥകളുടെ വിജയത്തിന് രണ്ടു കാരണങ്ങൾ ഉണ്ട്. അദ്ദേഹം ഒരു സാധാരണക്കാരനാണെന്നതാണതിലൊന്ന്. "ജനങ്ങളുടെ ഇടയിലേക്കിറങ്ങിച്ചെല്ലൂ" എന്നും മറ്റും വെട്ടൂരിനോട്ട് വിളിച്ചു കൂവേണ്ട. അദ്ദേഹം അവിടെയാണ് ജനിച്ചത്. നില്ക്കുന്നതും അവിടെത്തന്നെ. അവിടെ നിന്നുകൊണ്ട് കാണുന്നതെല്ലാം ജീവനുള്ളതായിരിക്കും. മറ്റൊരു കാരണം വെട്ടൂരിന്റെ സുന്ദരമായ ശൈലിയാണ്. അതിന് തികഞ്ഞ രൂപഭദ്രതയുണ്ട്.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.